സ്ഥലമെടുപ്പ് നടപടികൾ വൈകുന്നതുമൂലം കാലതാമസം നേരിടുന്ന പദ്ധതികൾക്ക് പ്രസ്തുത നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട പഞ്ചായത്തുകളുമായി ഇക്കാര്യം ചർച്ചചെയ്യുന്നുമുണ്ട്. ഇതിനായി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടിയും എടുത്തുവരുന്നു.

17 (*247) മത്സ്യഫെഡിൽനിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം

ശ്രീ. വി. ബാലറാം :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡിൽനിന്നും മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനും മറ്റു ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും കാലതാമസം ഉണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല, എഞ്ചിൻ തുടങ്ങിയവ വാങ്ങുന്നതിന് നൽകുന്ന സബ്സിഡി തുക എത്രയാണ്;

(ഇ) ഇത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) 1. എൻ.സി.ഡി.സി. സാമ്പത്തിക സഹായത്തോടെയുള്ള സംയോജിത കടലോര മത്സ്യ വികസന പദ്ധതി

2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ

3. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ.

4. രാഷ്ട്രീയ മഹിളാ ഖോഷ് ലോൺ

5. അനുയോജ്യമായ വല വിതരണം ചെയ്യൽ

6. ബാങ്കബിൾ സ്കീം

7. മോട്ടോറൈസേഷൻ സ്കീം.

8. ന്യൂ ജനറേഷൻ ക്രാഫ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

9. പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം.

10. എൻ.സി.ഡി.സി. സഹായത്തോടെയുള്ള സംയോജിത ഉൾനാടൻ മത്സ്യ വികസന പദ്ധതി.

11. അലങ്കാര മത്സ്യക്കൃഷി പദ്ധതി.

12. മത്സ്യ വിപണന സ്റ്റാൾ പദ്ധതി.

13. വനിതാ ബസ്സ് സർവ്വീസ്

(ഡി) എൻ.സി.ഡി.സി. പദ്ധതി ബാങ്കബിൾ സ്കീം എന്നിവ പ്രകാരം വായ്പ തുകയുടെ 25% പരമ്പരാഗത വള്ളങ്ങളുടെ യന്ത്രവൽക്കരണ പദ്ധതി പ്രകാരം എഞ്ചിൻ ഒന്നിന് വായ്പ തുകയുടെ 50% മോ പരമാവധി 10,000 രൂപയോ മത്സ്യബന്ധന വലകൾക്ക് അനുയോജ്യമായ ഘടകങ്ങൾ വാങ്ങുന്നതിന്, സബ്സിഡി നൽകുന്ന പദ്ധതിപ്രകാരം വല വാങ്ങുന്നതിന് പരമാവധി 6000 രൂപ.

(ഇ) ഇപ്പോൾ ഉദ്ദേശമില്ല.

18 (*248) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. പി. വിശ്വൻ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി എന്തൊക്കെ കാര്യങ്ങൾ സർക്കാർ നടപ്പാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഭവനങ്ങൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഭവനരഹിതരായ മത്സ്യത്തൊഴിലാളികളെക്കുറിച്ച് എന്തെങ്കിലും സ്ഥിതി വിവരകണക്കുകൾ സർക്കാർ ശേഖരിച്ചിട്ടുണ്ടോ;

(ഡി) 2000-മാണ്ടോടുകൂടി മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി എന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിപ്രകാരം എന്തൊക്കെ നേട്ടങ്ങൾ ഈ രംഗത്ത് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതിനായി താഴെ പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി.

2. പത്താം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരമുള്ള ബെറ്റർ ഹൗസിംഗ് സ്കീം.

LIBRARY ARCHIVES Kerala Legislative Assembly